# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 28.01.2014-ലെ മറുപടിക്ക്

നമ്പർ : *242

## പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുടെ രേഖകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. മമ്മൂട്ടി<br>ശ്രീ.റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ.വി.എം. ഉമ്മൻ മാസ്റ്റർ<br>ശ്രീ.കെ.എം.ഷാജി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, കെട്ടിടങ്ങൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാരിനോ ഏതെങ്കിലും പൊതു ഉപയോഗത്തിനോ ഭാവിയിൽ വേണ്ടി വരുന്നതും എന്നാൽ ഉടനടി വേണ്ടാത്തതുമായ സർക്കാർ ഭൂമിയാണ് പാട്ടത്തിന് നൽകുന്നത്. സർക്കാർ നയങ്ങൾക്കും നിലവിലുള്ള ഭൂമിപതിവ് ചട്ടങ്ങൾക്കും വിധേയമായി അതാത് കേസുകളുടെ സ്വഭാവമനുസരിച്ച് കാലഹരണപ്പെട്ട പാട്ടഭൂമി തിരിച്ചെടുക്കുകയോ പാട്ടം പുതുക്കി നൽകുകയോ ചെയ്തുവരുന്നു. പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ ഭൂമി തിരിച്ചെടുക്കേണ്ട സാഹചര്യമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി) പ്രകാരം നടപടി സ്വീകരിക്കുന്നു. |
| (ബി) സർക്കാർ പാട്ടത്തിനു നൽകിയ വസ്തു വകകളുടെ രേഖകളുടെ പ്രാഥമിക കസ്റ്റോഡിയനായി ചുമതല നൽകിയിട്ടുള്ളത് ആർക്കൊക്കെ യാണെന്നും, പ്രസ്തുത രേഖകളുടെ കൺസോളിഡേറ്റ് ചെയ്ത വിവരങ്ങൾ എവിടെയെല്ലാം സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള രേഖകളുടെ ക്രോഡീകൃത വിവരങ്ങൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും താലൂക്ക്തല വിവരങ്ങൾ അതാത് താലൂക്ക് തലങ്ങളിലും സൂക്ഷിക്കുന്നു. പാട്ടഭൂമി സംബന്ധിച്ച ജില്ലാതല വിവരങ്ങളുടെ കരട് രൂപം www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുകയും കാലാകാലങ്ങളിൽ നാളതീകരണം ചെയ്യുകയും ചെയ്യുന്നുണ്ട് |

| | | | |
|---|---|---|---|
| (സി) | പാട്ടക്കാലാവധി കഴിഞ്ഞ വസ്തുവകകളുടെ പൂർണ്ണമായ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | പാട്ടക്കാലാവധി കഴിഞ്ഞ കേസുകളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഡി) | പാട്ടത്തിന് നൽകിയ വസ്തുവകകളുടെ അടിസ്ഥാന രേഖകളിൽ കൃത്രിമം നടത്തിയും, രേഖകൾ നശിപ്പിച്ചും, വ്യാജ ഉടമസ്ഥാവകാശം നേടി, കൈമാറ്റം ചെയ്യപ്പെട്ട പൊതുമുതലുകളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഇത്തരം കേസുകൾ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതാണ്. കോട്ടയം ജില്ലയിൽ പാട്ടത്തിന് നൽകിയിരുന്ന ഭൂമി സ്വകാര്യ വ്യക്തിയുടെ പേരിൽ കൈമാറ്റം ചെയ്യപ്പെട്ട കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**